**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** **27-06-2024 - ൽ മറുപടിയ്ക്ക്**

**ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും വിവിധ ഫീസ് നിരക്കുകൾ ഈടാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ബിരുദകോഴ്സുകൾക്കും, ബിരുദാനന്തര കോഴ്സുകൾക്കും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് വ്യത്യസ്തമായ ഫീസ് നിരക്കാണ് വിവിധ സർവ്വകലാശാലകൾ ഈടാക്കുന്നത്. ഇതിൽത്തനെ പ്രൊഫഷണൽ /നോൺ പ്രൊഫഷണൽ കോഴ്സുകൾക്കനുസൃതമായി വ്യത്യസ്തത നിരക്കിലുള്ള ഫീസ് ആണ് ഈടാക്കുന്നത്. |
| (ബി) | കൂടുതൽ ഫീസ് അടയ്ക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ വേഗത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നിലവിൽ ഉണ്ട്. |
| (സി) | ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ ലഭ്യമായ വിവിധ മോഡുകളും ഓരോ മോഡിലും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ച സമയം, ഫീസ് എന്നിവയും വ്യക്തമാക്കാമോ; | (സി) | സർവ്വകലാശാല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ഡി) | വിവിധ ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇതുവരെ ഒരു നടപടിയും സ്വീകരിക്കാത്ത എത്ര അപേക്ഷകൾ സർവകലാശാലകളിൽ കെട്ടിക്കിടക്കുന്നുണ്ടെന്നും പ്രസ്തുത അപേക്ഷകൾ ലഭിച്ച മാസം, വർഷം, സർട്ടിഫിക്കറ്റ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാമോ? | (ഡി) | കേരള സർവകലാശാലയിൽ 27/3/24-ാം തീയതിക്ക് ശേഷം 17/6/24 വരെ ഫലം പ്രസിദ്ധീകരിച്ച കോഴ്സുകളുടെ ഡിഗ്രിയാണ് 18/6/24 ലെ സെനറ്റിൽ അവാർഡ് ചെയ്യാൻ തീരുമാനമായത്. ഈ കാലയളവിൽ ലഭിച്ച 1415 അപേക്ഷകൾ മാത്രമാണ് നടപടി സ്വീകരിക്കാനുള്ളത് .<br><br>മഹാത്മാഗാന്ധി സർവകലാശാല യിൽ 31.05.2024 വരെ ലഭിച്ചതിൽ സിൻഡിക്കേറ്റ് അവാർഡ് ചെയ്ത വിവിധ ബിരുദ പ്രോഗ്രാമുകളിൽ സമർപ്പിച്ച അപേക്ഷകളിൽ 546 എണ്ണവും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലായി 320 എണ്ണവും ഓർഡിനറി ട്രാക്കിൽ തീർപ്പാക്കാനുണ്ട്. സാങ്കേതിക കാരണങ്ങളാൽ ബി. എ അനിമേഷൻ & |

| | | | |
|---|---|---|---|
| | | | മൾട്ടീമീഡിയ, ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി എന്നീ പ്രോഗ്രാമുകളുടെ 22 ഫാസ്റ്റ് ട്രാക്ക്, 149 ഓർഡിനറി അപേക്ഷകളും തീർപ്പാകാനുണ്ട് . സാങ്കേതിക തടസ്സ ങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷകളും തീർപ്പാക്കുന്നതാണ്.<br><br>മറ്റ് സർവ്വകലാശാലകളിൽ ന്യൂനതകൾ പരിഹരിയ്ക്കാൻ നിർദ്ദേശം നൽകിയവ ഒഴികെ മറ്റ് അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള സർവ്വകലാശാല**

ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് നിശ്ചിത അപേക്ഷ ഫോറത്തിൽ സർവകലാശാലയുടെ തപാൽ സെക്ഷൻ മുഖേന (Off line mode) അപേക്ഷിക്കാവുന്നതാണ്. സർവകലാശാല സെനറ്റ് പ്രസ്തുത ഡിഗ്രി അവാർഡ് ചെയ്ത 45 ദിവസമാണ് അനുവദിച്ചിരിക്കുന്ന സമയം. ഫീസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 1 | **Original Degree/Diploma Certificate (Inclusive Post Charges)** | Revised Fee |
|---|---|---|
| | 1. B.A/B.Sc./B.Com/BBA/BCA (Annual/CBCSS/Restructured Courses) | Rs. 350 + search fee |
| | 2. Professional Degree (B.Tech/A.Arch/MBBS/BDS/B.Sc Nursing/B.Pharm/ B.Sc. MLT/BHMS/BHM/BAMS/BSMS/LLB/BASLP/B.Ed/B.F. A/BPS/BPE | Rs. 450 + search fee |
| | 3. Master Degree- Non Professional (MA/M.Sc/M.Com/PG. Diploma) | Rs. 450 + search fee |
| | 4. Master Degree (Professional) MD/MS/M.Pharm/MBA/m.Tech/MASLP/MCH/M.Arch/ LLM/MBL/M.Sc Nursing/M.Ed/MFA/MCA/MCI/MTA/MPE/MLISC/MHRM /MHM | Rs. 650 + search fee |
| | 5. Diploma/Titles & Certificates<br>6. M.Phil<br>7. Ph.D<br>8. Post Doctoral Degree (D.Litt, D. Sc. Etc) | Rs. 190 + search fee<br>Rs. 640 + search fee<br>Rs. 760 + search fee<br>Rs. 760 + search fee |
| 2. | **Provisional Degree/Diploma Certificate** | |
| | 1. Non Professional (Eg. BA/B.Sc/B.Com) | Rs. 70 + search fee |
| | Annual Semester | Rs. 130 + search fee |
| | 2. Progessional Degree | Rs. 130 + search fee |
| | 3. P.G. (Non-Professional) | Rs. 130 + search fee |
| | 4. P.G. (Professional) | Rs. 130 + search fee |
| | 5. M.Phil | Rs. 130 + search fee |
| | 6. Ph.D | Rs. 130 + search fee |
| 3. | **Triplicate Degree Certificate** | Rs. 1250 + search fee |
| 4. | **Search Fee** | |
| | 1. Provisional Certificate (After 6 Months) | Rs. 70 (No time limit) |
| | 2. Degree certificate<br>a) One year or more but before the expiry of 5 years after the exam<br>b) After 5 years up to any date | Rs. 130<br><br><br>Rs. 500 |

## മഹാത്മാഗാന്ധി സർവ്വകലാശാല

| ടൈപ്പ് | പ്രോഗ്രാം | ഫീസ് | സമയം |
|---|---|---|---|
| ഓർഡിനറി ട്രാക്ക് | • CBCS UG<br>• PG | ₹ 500–<br>₹ 580/– | ന്യൂനതകളില്ലാത്ത അപേക്ഷകളിന്മേൽ അപേക്ഷ സമർപ്പിച്ച് നാലു മുതൽ ആറു മാസം വരെയുള്ള കാലയളവിനുള്ളിൽ |
| ഫാസ്റ്റ് ട്രാക്ക് | • CBCS UG<br>• PG | ₹ 1600/–<br>₹ 1680/– | ന്യൂനതകളില്ലാത്ത അപേക്ഷകളിന്മേൽ അപേക്ഷ സമർപ്പിച്ച് 20 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ |

## കാലിക്കറ്റ് സർവ്വകാലശാല

ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ Urgent, Fast Track, ordinary എന്നീ മോഡുകളാണ് ലഭ്യമായിട്ടുള്ളത്. Urgent മോഡിലുള്ള അപേക്ഷകൾ 45 പ്രവർത്തി ദിവസത്തിനുള്ളിലും Fast Track മോഡിലുള്ള അപേക്ഷകൾ 1 ആഴ്ചക്കുള്ളിലും (5 പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ) ആണ് അനുവദിക്കുന്നത്. Ordinary മോഡിൽ ഡിഗ്രി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതിനു കൃത്യമായ സമയപരിധി നിശ്ചയിച്ചിട്ടില്ല എന്നിരുന്നാലും അപേക്ഷകൾ സ്വീകരിയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഓൺലൈനിലേക്ക് മാറിയിട്ടുള്ളതിനാൽ കാലതാമസമില്ലാതെ തന്നെ ഡിഗ്രി സർ ട്ടിഫക്കറ്റുകൾ അനുവദിയ്ക്കുന്നുണ്ട്.
വിവിധ മോഡുകളിൽ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് താഴെ കൊടുത്തിരിക്കുന്നു.

| Programme | Period | Ordinary | Urgent | Fast Track |
|---|---|---|---|---|
| UG Non Professional | Up to 1 year after passing the programme | 350 | 845 | 3890 |
| | 1 to 3 years | 485 | 980 | 4025 |
| | 3 to 5 years | 725 | 1220 | 4265 |
| | 5 to 10 years | 1085 | 1580 | 4625 |
| | More than 10 Years | 1575 | 2070 | 5115 |
| UG Professional | Up to 1 year after passing the programme | 405 | 900 | 3945 |
| | 1 to 3 years | 540 | 1035 | 4080 |
| | 3 to 5 years | 780 | 1275 | 4320 |
| | 5 to 10 years | 1140 | 1635 | 4680 |

| | | | | |
|---|---|---|---|---|
| | More than 10 Years | 1630 | 2125 | 5170 |
| PG Non Professional | Up to 1 year after passing the programme | 470 | 965 | 4010 |
| | 1 to 3 years | 605 | 1100 | 4145 |
| | 3 to 5 years | 845 | 1340 | 4385 |
| | 5 to 10 years | 1205 | 1700 | 4745 |
| | More than 10 Years | 1695 | 2190 | 5235 |
| PG Professional | Up to 1 year after passing the programme | 530 | 1025 | 4070 |
| | 1 to 3 years | 6650 | 1160 | 4205 |
| | 3 to 5 years | 905 | 1400 | 4445 |
| | 5 to 10 years | 1265 | 1760 | 4805 |
| | More than 10 Years | 1755 | 2250 | 5295 |

**കണ്ണൂർ സർവ്വകലാശാല**

നിലവിൽ ബിരുദ പ്രോഗ്രാമുകൾക്ക് ഓൺലൈൻ മോഡിലും, മാർക്ക് പാറ്റേണിൽ ഡിഗ്രി പൂർത്തിയാക്കിയ 2008 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾക്ക് ഓഫ്‌ലൈൻ മോഡിലും സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. നിലവിൽ അപേക്ഷ ലഭിച്ച് നാല് മാസത്തിനകം സർട്ടിഫിക്കറ്റുകൾ അനുവദിച്ചു വരുന്നുണ്ട് . എന്നാൽ ജീവനക്കാരുടെ അഭാവം മൂലം അൽപം കാലതാമസം വരാറുണ്ട്. ഫീസ് സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. യുജി ഡിഗ്രി പ്രോഗ്രാം : 355 രൂപ
2. പിജിപ്രോഗ്രാം : 430 രൂപ

വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിൽ കാലതാമസം വരുന്നതിനനുസൃതമായി ഈ ഫീസ് ഘടനയിൽ മാറ്റം വരുന്നതാണ്.

**ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

| പ്രോഗ്രാം | നോർമൽ ട്രാക്ക് സംവിധാനം | ഫാസ്റ്റ് ട്രാക്ക് സംവിധാനം | റിമാർക്ക്സ് |
|---|---|---|---|
| ബി.എ. | 250/- (6 മാസത്തിനുള്ളിൽ) | 550/- (ഒരു മാസത്തിനുള്ളിൽ) | ന്യൂനതകൾ ഇല്ല എങ്കിൽ |
| എം.എസ്.സി. | 480/- (6 മാസത്തിനുള്ളിൽ) | 780/- (ഒരു മാസത്തിനുള്ളിൽ) | |
| എം.പി.ഇ.എസ്. | 480/- (6 മാസത്തിനുള്ളിൽ) | 780/- (ഒരു മാസത്തിനുള്ളിൽ) | |
| എം.എസ്.ഡബ്യൂ. | 480/- (6 മാസത്തിനുള്ളിൽ) | 780/- (ഒരു മാസത്തിനുള്ളിൽ) | |
| എം.ഫിൽ | 650/- (6 | 950/- (ഒരു | |

| | | | |
|---|---|---|---|
| | മാസത്തിനുള്ളിൽ) | മാസത്തിനുള്ളിൽ) | |
| പിഎച്ച്.ഡി. | 650/- (6 മാസത്തിനുള്ളിൽ) | 950/- (ഒരു മാസത്തിനുള്ളിൽ) | |

**<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്</u>**

വർഷാ വർഷം നടക്കുന്ന ആനുവൽ കോൺവൊക്കേഷൻ ആണ് ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നത്.

**<u>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി</u>**

| വിവിധ മോഡുകൾ | ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്ന കാലപരിധി | ഫീസ് (₹) |
|---|---|---|
| നോർമൽ മോഡ് | രണ്ട് മാസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിദ്യാർത്ഥിക്ക് തപാൽ മാർഗം അയച്ചു കൊടുക്കും | 1395/- |
| ഫാസ്റ്റ് ട്രാക്ക് മോഡ് | ഇരുപത് ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിദ്യാർത്ഥിക്ക് തപാൽ മാർഗം അയച്ചു കൊടുക്കും | 1740/-(നോർമൽ മോഡ് ഫീസിന് പുറമെ) |

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല</u>**

ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് പ്രത്യേകം മോഡുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. ഡിഗ്രി (പി.ജി) സർട്ടിഫിക്കറ്റുകൾക്ക് 600 രൂപയും പി.എച്ച്.ഡി സർട്ടിഫിക്കറ്റുകൾക്ക് 1050/- രൂപയും ഈടാക്കുന്നുണ്ട്.

**<u>എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല</u>**

എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയിൽ നിലവിലെ സംവിധാനം അനുസരിച്ച് നോർമൽ, ഫാസ്റ്റ് ട്രാക്ക്, എക്സ്പ്രസ്സ് എന്നിങ്ങനെ മൂന്നു തരത്തിൽ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം. 4775 രൂപ ഒടുക്കി എക്സ്സ്സ് രീതിയിൽ അപേക്ഷിച്ചാൽ അപേക്ഷകന് 3 പ്രവർത്തിദിനങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് ലഭ്യമാകും. അതേസമയം 1625 രൂപ അടച്ച് അപേക്ഷകൻ ഫാസ്റ്റ് ട്രാക്ക് മോഡിൽ അപേക്ഷ സമർപ്പിച്ചാൽ 10 പ്രവർത്തിദിനങ്ങൾക്കുളളിൽ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കും . എന്നാൽ 575 രൂപ ഫീസ് അടച്ച് നോർമൽ രീതിയിലാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 45 പ്രവർത്തിദിനങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് ലഭിക്കും. കൂടാതെ പി എച്ച് ഡി കോഴ്സുകൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു ഫീസായി 525 രൂപയും പോസ്റ്റൽ ചാർജും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നുണ്ട്.